കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 14.09.2020

# 186 കോടി രൂപയുടെ 11 പദ്ധതികൾ നാടിന് സമർപ്പിക്കും – മന്ത്രി ജി.സുധാകരൻ

സംസ്ഥാന സർക്കാരിന്റെ നൂറ് ദിവസത്തിനുള്ളിൽ നൂറ് പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ ആറ് നിയോജക മണ്ഡലങ്ങളിലായി 186 കോടി രൂപ ചെലവഴിച്ച് ആരംഭിക്കുന്നതും പൂർത്തീകരിക്കുന്നതുമായ 11 പദ്ധതികൾ 15.09.2020 ന് നാടിന് സമർപ്പിക്കുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം - എയർപോർട്ടിന്റെ ഒന്നാംഘട്ട നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ 15 ന് വൈകിട്ട് 3 മണിക്ക് നിർവ്വഹിക്കും. ഇതോടൊപ്പം കഴക്കൂട്ടം - അടൂർ സേഫ്റ്റി കോറിഡോർ - ട്രോമകെയർ വാഹനങ്ങൾ - മോട്ടോർ വാഹന വകുപ്പ് - പോലീസ് എന്നിവർക്ക് കൈമാറുന്ന പദ്ധതി (1.5 കോടി രൂപ), ഒല്ലൂർ മണ്ഡലത്തിലെ മാടക്കത്തറ - കെ.എൻ.ആർ റോഡ് (3 കോടി രൂപ), പട്ടിക്കാട് - ബസ്സാർ റോഡ് (2.25 കോടി), ഉടുമ്പൻചോല മണ്ഡലത്തിലെ ചെമ്മണ്ണാർ ഗ്യാപ് റോഡ് (146.67 കോടി), ബാലുശ്ശേരി മണ്ഡലത്തിലെ ഏകരൂൽ - കാപ്പീൽ - പൂവ്വമ്പായി റോഡ് (5 കോടി), നടുവണ്ണൂർ - കൂട്ടാലിട റോഡ് (6 കോടി), ബാലുശ്ശേരി - കുറുമ്പൊയിൽ - വയലട - തലയാട് റോഡ് (3 കോടി), ആലത്തൂർ മണ്ഡലത്തിലെ കുനിശ്ശേരി - വിലങ്ങി റോഡ് (5 കോടി), കോട്ടെക്കുളം - നെന്മാറ റോഡ് (3 കോടി), തൃപ്പാളൂർ - ചിറ്റിലഞ്ചേരി റോഡ് (5 കോടി) എന്നീ പദ്ധതികളുടെ ഓൺലൈൻ ഉദ്ഘാടനം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.